(സി) ബയോപാർക്കുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ശിലാസ്ഥാപനം നടത്തിയിട്ടുള്ള കോക്കനട്ട് ബയോ പാർക്കിൽ സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലാബ് പരിശോധനക്കും വിപണനത്തിനും ആവശ്യമായ മറ്റു സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് KITCO-യെ ചുമതലപ്പെടുത്തുന്നതാണ്.

(ഡി) ബയോപാർക്ക് പദ്ധതിക്കായി 2013-14, 2014-15 വാർഷിക ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കോക്കനട്ട് ബയോപാർക്ക് പദ്ധതിക്കായി 2014-15 വർഷത്തേക്ക് 15 കോടി രൂപ SDG മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരകൃഷി

115 (7412) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് കേരകൃഷി ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നാളികേരത്തിന്റെ ഉൽപ്പാദനത്തിൽ ഈ വർഷം കുറവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2012-13 വർഷം കേരളത്തിൽ 7.98 ലക്ഷം ഹെക്ടറിൽ തെങ്ങു കൃഷി ചെയ്തിട്ടുള്ളതായും 579.9 കോടി നാളികേരം ഉല്പാദനം ഉള്ളതായും കണക്കാക്കിയിട്ടുണ്ട്.

(ബി) ഇല്ല. 2013-14 വർഷത്തെ എസ്റ്റിമേറ്റ് (പ്രൊവിഷണൽ) പ്രകാരം ഉല്പാദനം ഏകദേശം 597.2 കോടി നാളികേരമാണ്.

തെങ്ങുകൃഷി

116 (7413) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ സംസ്ഥാനത്ത് എത്ര ഹെക്ടർ തെങ്ങുകൃഷി ഉണ്ടായിരുന്നു എന്നും ആയത് ഇപ്പോൾ എത്ര ഹെക്ടറായി ചുരുങ്ങിയെന്നും 2001 മുതൽ 2013 വരെ വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2001-ൽ സംസ്ഥാനത്ത് എത്ര തേങ്ങ ഉല്പാദിപ്പിച്ചിരുന്നുവെന്നും ഇപ്പോൾ ഉല്പാദനം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് തെങ്ങുകൃഷി മേഖലയിലും ഉല്പാദനത്തിലും വന്നിട്ടുള്ള കുറവിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചുവോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly